# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 55

28.01.2019 -ൽ മറുപടിക്ക്

## പ്രളയം മൂലം കച്ചവടക്കാർക്കുണ്ടായ നഷ്ടം നികത്തുന്നതിനുള്ള നടപടി

ചോദ്യം

**ശ്രീ. രാജു എബ്രഹാം**

ഉത്തരം

**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

എ) 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട പത്തനംതിട്ട ജില്ലയിലെ കച്ചവടക്കാരുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; അവർക്ക് ഉണ്ടായ നാശനഷ്ടത്തിന്റെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിരിക്കുന്നത് എന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് നൽകാമോ;

എ) പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നേതൃത്വത്തിൽ, മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം പ്രളയദുരിതത്തിൽപ്പെട്ട കച്ചവട സ്ഥാപനങ്ങളുടെ കണക്കെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | താലൂക്കിന്റെ പേര് | പ്രളയ ബാധിത സ്ഥാപനങ്ങളുടെ എണ്ണം | ആകെ കണക്കാക്കപ്പെടുന്ന നഷ്ടം (തുകയിൽ) |
|---|---|---|---|
| 1 | അടൂർ | 241 | 6,07,81,951 |
| 2 | കോന്നി | 22 | 6,69,500 |
| 3 | കോഴഞ്ചേരി | 177 | 4,81,07,684 |
| 4 | മല്ലപ്പള്ളി | 49 | 30,51,000 |
| 5 | റാന്നി | 491 | 41,83,09,260 |
| 6 | തിരുവല്ല | 217 | 5,92,56,673 |
| | **ആകെ** | **1197** | **59,01,76,068** |

ബി) പ്രളയത്തിൽ വെള്ളം കയറി ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടം ഉണ്ടായതിനാൽ ചെറുകിട കച്ചവടക്കാർ കടക്കെണിയിലാകുകയും കച്ചവടം തന്നെ ഉപേക്ഷിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വ്യാപാരനഷ്ടം സംഭവിച്ച കച്ചവടക്കാരെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

ബി) & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 7.12.2019 -ലെ സ.ഉ (കൈ) 27/18/ ഡി.എം.ഡി. ഉത്തരവ് പ്രകാരം 2018 -ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനഃരാരംഭിക്കുന്നതിലേക്കായി സർക്കാർ ഉജ്ജീവന സഹായ പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്.

പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പ് മൊബൈൽ ആപ്ലിക്കേഷൻ മുഖേന സർവ്വേ നടത്തി കണ്ടെത്തിയ ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവയ്ക്ക് അവരുടെ സ്ഥാപനത്തിന്റെ പുനഃരാരംഭത്തിനായി

| | |
|---|---|
| സി) കച്ചവടക്കാരുടെ നിലവിലുള്ള വായ്പ സംബന്ധിച്ച് സർക്കാർ എന്ത് നിലപാടാണ് എടുത്തിട്ടുള്ളത്; നഷ്ടം നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.<br>അർഹത<br>1. ടേം ലോൺ വായ്പയുടെ 25%, പരമാവധി 2 ലക്ഷം രൂപ മാർജിൻമണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.<br>2. വർക്കിംഗ് കാപ്പിറ്റൽ ലോൺ - വായ്പയുടെ 25% ,പരമാവധി ഒരു ലക്ഷം രൂപ മാർജിൻമണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.<br>3. വർക്കിംഗ് കാപ്പിറ്റൽ ലോൺ ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താല്പര്യമനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.<br>ഈ സർക്കാർ ഉത്തരവിന് മുമ്പായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിന് പുനഃരാരംഭ വായ്പ എടുത്തിട്ടുള്ള മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും. |

സെക്ഷൻ ഓഫീസർ